**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .T 3155 — 07-11-2019 -ൽ മറുപടിക്ക്

## ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ പുനർനിർമ്മാണ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കേരള പുനർനിർമ്മാണ വികസന പരിപാടി പ്രകാരം ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തിയിട്ടുളള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | എ) | റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവന ക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനു വേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br>ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന കൊടുങ്ങല്ലൂർ- ഷൊർണ്ണൂർ സംസ്ഥാന പാത ഉൾപ്പെടുത്തിയിട്ടുണ്ട്. റീ ബിൽഡ് കേരള പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ കാരൂർച്ചിറ അഞ്ചലങ്ങാടി റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ